കേരള എക്സൈസ് വകുപ്പ്

"മാതൃഭാഷ-മലയാളം"

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: **05-08-2026**
ഇ-മെയിൽ : **ecoffice.exc@kerala.gov.in**
ഫോൺ:**0471-2332632**

സർക്കുലർ നം-HQ/7/2026/EXCISE

വിഷയം: **എക്സൈസ് വകുപ്പ് - എക്സൈസ് ആസ്ഥാന കാര്യാലയത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലെയും മുഴുവൻ ജീവനക്കാർക്കും ബയോമെട്രിക് പഞ്ചിംഗ് നിർബന്ധമാക്കുന്നത് - സംബന്ധിച്ച്.**

സൂചന: **14.07.2023**-ലെ സ.ഉ.(സാധാ) നം.**3253/2023/GAD** നമ്പർ സർക്കാർ ഉത്തരവ്.

സൂചന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ആസ്ഥാന കാര്യാലയത്തിലെ ജീവനക്കാരുടെ ബയോമെട്രിക് പഞ്ചിംഗുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു ;

- എക്സൈസ് ആസ്ഥാന കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള എല്ലാ ശ്രേണിയിലുള്ള ഉദ്യോഗസ്ഥരും/ജീവനക്കാരും **(Special Duty** വ്യവസ്ഥയിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടെ) ഓഫീസിൽ എത്തുമ്പോഴും ജോലി കഴിഞ്ഞ് മടങ്ങുമ്പോഴും നിർബന്ധമായും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വഴി ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

- ജീവനക്കാരുടെ ഹാജർ നില **SPARK** (സ്പാർക്ക്) സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ, പഞ്ചിംഗ് രേഖപ്പെടുത്താത്ത ദിവസങ്ങളിലെ ഹാജരില്ലായ്മ ക്രമപ്പെടുത്തിയില്ലെങ്കിൽ പ്രസ്തുത ദിവസങ്ങളിലെ ശമ്പളം

തടയുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

- ഓഫീസ് ആവശ്യങ്ങൾക്കായി പുറത്തുപോകുന്ന ഉദ്യോഗസ്ഥർ **Outside Duty** മുൻകൂട്ടിത്തന്നെ സ്പാർക്ക് **(SPARK)** വഴി സമർപ്പിച്ച് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസറുടെ അനുമതി വാങ്ങേണ്ടതാണ്.

- അനുവദനീയമായ ഗ്രേസ് സമയം കഴിഞ്ഞ് എത്തുന്ന ജീവനക്കാർ അർഹമായ അവധി അപേക്ഷ സമർപ്പിക്കാത്ത പക്ഷം അത് അനധികൃത ഹാജരില്ലായ്മയായി **(Unauthorised Absence)** കണക്കാക്കുന്നതാണ്.

- ബയോമെട്രിക് പഞ്ചിംഗിൽ സാങ്കേതിക തകരാറുകൾ കാരണം പഞ്ച് ചെയ്യാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ, ജീവനക്കാർ തക്കതായ കാരണം കാണിച്ച് അതാത് സമയം തന്നെ ഡി.ഡി.ഒ / നോഡൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

മേൽ പ്രസ്താവിച്ച നിർദ്ദേശങ്ങൾ എക്സൈസ് ആസ്ഥാന കാര്യാലയത്തിലെ എല്ലാ ജീവനക്കാരും നിർബന്ധമായി പാലിക്കേണ്ടതും പാലിക്കാത്ത പക്ഷം ടി ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

SEERAM SAMBASIVA RAO IAS
എക്സൈസ് കമ്മീഷണർ

എക്സൈസ് ആസ്ഥാനത്തെ എല്ലാ ഉദ്യോഗസ്ഥരും/ജീവനക്കാരും

പകർപ്പ്: എക്സൈസ് കമ്മീഷണറുടെ സി.എ

Digitally signed by
Seeram Sambasiva Rao
Date: 05-08-2026
20:32:09